## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.528 24-01-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.എസ്. ശബരീനാഥൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

### സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം

| | | |
|---|---|---|
| (എ) | കേരള സർവ്വകലാശാല സ്വന്തം നിലയ്ക്ക് കൈകാര്യം ചെയ്തിരുന്ന പദ്ധതിയേതര വിഹിതത്തിലെ ഇടപാടുകൾ ട്രഷറി വഴി നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കിയതിന്റെ ഭാഗമായി ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനവും റിസർവ്വ് ബാങ്കിന്റെ പേയ്മെന്റ് പോർട്ടലായ ഇ-കുബേർ-മായുള്ള സംയോജനവും സംസ്ഥാന ട്രഷറിയിൽ ഏർപ്പെടുത്തി. അതിന്റെ ഫലമായി നിലവിൽ ബാങ്കുകളിൽ നടക്കുന്ന നൂതനമായ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ട്രഷറികളിൽ ലഭ്യമാണ്. ടി പശ്ചാത്തലത്തിലും സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ അനാവശ്യമായി സൂക്ഷിക്കുന്ന പ്രവണതയ്ക്ക് വിരാമമിടുകയെന്ന ലക്ഷ്യത്തിലും സർക്കാർ വകുപ്പ് / പൊതുമേഖലാസ്ഥാപനം / സ്വയംഭരണസ്ഥാപനം / ബോർഡ് / കോർപ്പറേഷൻ / തദ്ദേശ സ്വയംഭരണ സ്ഥാപനം / യൂണിവേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സർക്കാർ ഫണ്ട് മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഗുണഭോക്താവിന് പണം കൈമാറുന്നതിന് ടി നിയന്ത്രണം ബാധകമല്ല. പൊതുപണം അതാത് സാമ്പത്തിക വർഷത്തിൽ തന്നെ കാലതാമസം കൂടാതെ അർഹതപ്പെട്ട ഗുണഭോക്താക്കളിലെത്തിക്കുന്നതിനും നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി വർഷങ്ങളോളം സർക്കാർ ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടിയാണ് മേൽനടപടി കൈക്കൊണ്ടിട്ടുള്ളത്. മുകളിൽ പ്രതിപാദിച്ച നടപടിയല്ലാതെ സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം ഏറ്റെടുക്കുകയോ, സർവ്വകലാശാലകൾക്ക് മാത്രമായി പ്രത്യേക സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. . |
| (ബി) | സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം സർക്കാർ ഏറ്റെടുക്കുന്നതിനുണ്ടായ കാരണമെന്താണ് ; വിശദമാക്കുമോ ; | |
| (സി) | സർവ്വകലാശാല നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ ഈ നീക്കം സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം ഹനിക്കുന്ന ഒന്നാകയാൽ ഇത് പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ